
ലാലൂരിൽ ഇതുവരെ കാണാത്ത നീണ്ട സമരമായിരുന്നു(115ദിവസം) ഇവിടെ നടന്ന നിരാഹാരസമരമെന്നത് അഭിമാനിക്കാവുന്നതാണ്. എന്നാൽ സമരത്തിന്റെ ദൈർഘ്യം ഒരേ സമയം സമരത്തിന്റെ മുന്നോട്ടുള്ള പോക്കിനെ വല്ലാതെ ക്ഷീണിപ്പിക്കാനിടയുണ്ടായിരുന്നു. അത്തരം ഘട്ടത്തിൽ സമരത്തെ താങ്ങിക്കിടത്തി, അതാണ് വി എസ് ചെയതതെന്ന് ആരെങ്കിലും പറഞ്ഞുപോയാൽ അതിനെ തള്ളിക്കളയേണ്ടതില്ല. മൂന്നാർ ഓപ്പറേഷൻ കാലത്ത് തീരുമാനം നടപ്പാക്കാൻ ആർജ്ജവമുണ്ടായിരുന്ന മനസ് വി എസിന് തിരിച്ചുപിടിക്കാൻ തന്റെ ശേഷിക്കുന്ന ഭരണകാലത്ത് കഴിഞ്ഞാൽ ലാലൂരിന് എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കാം. അല്ലെങ്കിൽ ശാശ്വതപരിഹാരത്തിലേക്കുള്ള ദൂരം അന്നന്ന് കൂടിക്കൊണ്ടിരിക്കുന്നതാണ് ലാലൂരിന്റെ നീണ്ട സമരചരിത്രമെന്ന് വീണ്ടും അടിവരയിട്ട് പറയേണ്ടിവരും. ചില സമര ചരിത്രങ്ങളങ്ങിനെയാണ്, പതിറ്റാണ്ടുകൾ താണ്ടിയാലും അന്തിമവിജയത്തിന് സമയമേറെയെടുക്കും....അതിനാൽ നിരാശ അരുത്.

**ഗ്രന്ഥകർത്താകളുടേയും പ്രസാധാകരുടേയും ശ്രദ്ധയ്ക്ക്**

കേരളീയത്തിന് സാമൂഹ്യവിഷയങ്ങളിൽ പഠനം, വിശകലനം, അനുഭവവിവരണം... ഉള്ളടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനും ആസ്വാദനത്തിനും ആവശ്യമുണ്ട്. രണ്ട് കോപ്പികൾ വീതം അയക്കുക.

**പത്രാധിപർ, കേരളീയം**
കൊക്കാലെ, തൃശൂർ-21


നിരീക്ഷണം

# പൊതു ഇടങ്ങൾ വീണ്ടെടുക്കുക

ഗുണപരമായി ആളുകളെ കൂട്ടം ചേർക്കുന്നതിന് കാലങ്ങളായി നിലനിന്നിരുന്ന പൊതു ഇടങ്ങൾ ഒക്കെയും ഓരോ വർഷം ചെല്ലുന്തോറും പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. യൂത്ത് ക്ലബ്ബുകളും സന്നദ്ധസംഘങ്ങളും പബ്ലിക് ലൈബ്രറികളും വായനശാലകളും ചായക്കട സദസ്സുകളും കളിയിടങ്ങളും ആൽത്തറവട്ടങ്ങളുമൊക്കെ ചേർന്ന് രൂപപ്പെടുത്തിയിരുന്ന, നിലനിർത്തിയിരുന്ന സാഹോദര്യത്തിന്റേയും കൂട്ടായ്മയുടേയും സന്നദ്ധബോധത്തിന്റേയും സാമൂഹിക പ്രതിബദ്ധതയുടേയുമായ സർഗാത്മക പ്രവർത്തനങ്ങൾക്കും അതുകൊണ്ടു തന്നെ കരുത്തു കുറഞ്ഞു വരുന്നു. ഇതിന്റെയൊക്കെ പരിണിത ഫലമായി സമൂഹത്തിൽ നിഷേധാത്മക-വിധ്വംസക പ്രവർത്തനങ്ങൾ അനിയന്ത്രിതമാംവണ്ണം വളർന്നു പെരുകുകയാണ്. മുമ്പ് നിർമാണാത്മകയായി ചിന്തിച്ചിരുന്ന മനുഷ്യരുടെ അതേ വിഭവശേഷികൾ തന്നെയാണ് ഇന്ന് തെറ്റായ പാതയിൽ വിനിയോഗിക്കപ്പെടുന്നത്. കേരള വികസന മാതൃകയുടെ പ്രധാന ചേരുവയായിരുന്ന സന്നദ്ധ പ്രവർത്തനങ്ങൾ വളരെയധികം പരിമിതപ്പെട്ടുകൊണ്ടിരിക്കയാണ്. മതത്തിനും രാഷ്ട്രീയത്തിനും ആഴത്തിൽ സ്വാധീനമുള്ള കേരള സമൂഹത്തിൽ മതപരമായ ആഘോഷങ്ങൾക്കും ആദർശനിഷ്ഠമായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും ജാതി-മതഭേദമെന്യേ വിവാഹ-മരണ കർമങ്ങൾക്കും വളരെ പ്രസക്തമായി പൊതു ഇടങ്ങളുടെ സ്വഭാവമുണ്ടായിരുന്നു. മത-രാഷ്ട്രീയ മേഖലകളിലും മറ്റ് സാമൂഹിക സാഹചര്യങ്ങളിലും കഴിഞ്ഞ കുറേ കാലങ്ങളിലായി ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളുടെ സ്വാധീനം കൊണ്ടുതന്നെ ഇത്തരം ഇടങ്ങളുടെ പൊതുസ്വഭാവം ഇല്ലാതാവുകയോ ദുർബലമാവുകയോ ചെയ്തുകൊണ്ടിരുന്നു.

പൊതു ഇടങ്ങളുടെ മഹനീയ മാതൃകകൾ ആവേണ്ടിയിരുന്ന അയൽക്കൂട്ടങ്ങളും സ്വയം സഹായസംഘങ്ങളും പക്ഷേ, 'അയൽക്കൂട്ട' സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ യശഃശരീരനായ ശ്രീ.ഡി. പങ്കജാക്ഷക്കുറുപ്പ് വിവക്ഷിച്ച പാരസ്പര്യ ബോധത്തിന്റെ കൂട്ടായ്മകളാകുന്നതിനു പകരം വ്യവസ്ഥാപിതവും നിയമാധിഷ്ഠിതവുമായ സർക്കാർ സംവിധാനങ്ങളായി പരിമിതപ്പെട്ടു എന്നിരിക്കിലും, പൊതു ഇടങ്ങളായി തീരാനുള്ള അവയുടെ ആശയപരമായ ചോദനകളെ പ്രോത്സാഹിപ്പിക്കുക തന്നെ വേണം.

മുൻ നിർവചിച്ച ഇടങ്ങളൊക്കെയും ഇത്തരത്തിലുള്ള പൊതു ഇടങ്ങളിലാണ് എന്ന് തിരിച്ചറിയാത്തിടത്തോളം കാലം അവയുടെ നഷ്ടപ്പെടൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളെപ്പറ്റി നാം ഉൽക്കണ്ഠാകുലരാകില്ല. അതുകൊണ്ടുതന്നെ നിലനിന്നിരുന്നതും നിലനിൽക്കുന്നതുമായ പൊതു ഇടങ്ങളെ തിരിച്ചറിയുക, സമൂഹത്തിന്റെ സർഗാത്മക ജീവിതത്തിൽ അവക്കുണ്ടായിരുന്ന സ്വാധീനം രേഖപ്പെടുത്തുക, അവയുടെ കൊഴിഞ്ഞു പോക്കിലൂടെ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ സാമൂഹിക പ്രതിസന്ധികളെ കണ്ടെത്തുക, നിലവിലുള്ള പൊതു ഇടങ്ങളെ പരിപോഷിപ്പിക്കുകയും കൂടുതൽ പൊതു ഇടങ്ങളെ പുനർനിർമിക്കുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പൊതു ഇടങ്ങളെ വീണ്ടെടുക്കുക എന്ന കാമ്പെയ്ൻ സംഘടിപ്പിക്കുകയാണ്. മാനവസൗഹാർദ്ദവും സാമൂഹിക പുരോഗതിയും പ്രധാനമായും ആഗ്രഹിക്കുന്ന ഈ കാമ്പെയ്ൻ ജനങ്ങളുടെ സന്നദ്ധ ബോധത്തേയും കൂട്ടായ്മയേയും ഉണർത്തുന്നതിലൂടെ അതിന്റെ ലക്ഷ്യസാദ്ധ്യം പ്രതീക്ഷിക്കുന്നു.

**ശ്രദ്ധ, ഭരണങ്ങാനം 944121874, 9387451293**